# കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ

തിരുത്തൽ വിജ്ഞാപനം

No. GR8-2/50008/2018-KPSC *തിരുവനന്തപുരം, 2023 ഫെബ്രുവരി 21*

ഇൻഫർമേഷൻ ആന്റ് പബ്ലിക് റിലേഷൻ വകുപ്പിൽ ആർട്ടിസ്റ്റ് തസ്തികയിലേക്ക് യോഗ്യരും അർഹരുമായ ഉദ്യോഗാർത്ഥികളിൽ നിന്നും അപേക്ഷ ക്ഷണിച്ചുകൊണ്ട് 30.04.2021 തീയതിയിലെ അസാധാരണ ഗസറ്റിൽ 132/2021 കാറ്റഗറി നമ്പരായി പ്രസിദ്ധപ്പെടുത്തിയ ടി തസ്തികയുടെ മലയാളം വിജ്ഞാപനത്തിലെ ഖണ്ഡിക-4 കുറിപ്പ് 1 & 2- നെ താഴെപറയും പ്രകാരം തിരുത്തി വിജ്ഞാപനം ചെയ്യുന്നു.

"ആകെ റിപ്പോർട്ട് ചെയ്യപ്പെടുന്ന ഒഴിവുകളുടെ 4% ഒഴിവുകൾ , 25.08.2020 തീയതിയിലെ സ.ഉ.(അച്ചടി) നം 19/2020/SJD പ്രകാരം ഭിന്നശേഷിയുള്ള ഉദ്യോഗാർത്ഥികൾക്കായി സംവരണം ചെയ്തിരിക്കുന്നു. "

മുകളിൽ പറഞ്ഞിരിക്കുന്ന സർക്കാർ ഉത്തരവ് പ്രകാരം ഭിന്നശേഷി സംവരണത്തിന്റെ നാലാമത്തെ വിഭാഗത്തിൽ [(d) & (e) in G .O ] ഉൾപ്പെടുന്ന ഉദ്യോഗാർത്ഥികൾക്ക് ഇപ്പോൾ ടി തസ്തികയിലേക്ക് അപേക്ഷിക്കാവുന്നതാണ് . ഈ വിജ്ഞാപനപ്രകാരം അപേക്ഷ സമർപ്പിക്കുന്ന ഉദ്യോഗാർത്ഥികൾ കമ്മീഷൻ ആവശ്യപ്പെടുന്ന സമയത്ത് Benchmark Disability Certificate, Physical & Functionality Certificate എന്നിവ ഹാജരാക്കേണ്ടതാണ്. മുകളിൽ സൂചിപ്പിച്ച സർക്കാർ ഉത്തരവിൽ നിഷ്കർഷിച്ചിരിക്കുന്ന പ്രകാരം അധികമായി അനുവദിച്ചിട്ടുള്ള ഭിന്നശേഷി വിഭാഗത്തിൽ ഉൾപ്പെട്ട ഉദ്യോഗാർഥികൾക്ക് മാത്രമാണ് ഇപ്പോൾ അപേക്ഷിക്കാൻ അർഹതയുള്ളത്. 132/2021 കാറ്റഗറി വിജ്ഞാപനത്തിൽ നേരത്തേ അനുവദിച്ചിരുന്ന ഭിന്നശേഷി വിഭാഗത്തിലുള്ളവർ ഇപ്പോൾ അപേക്ഷിക്കാൻ അർഹരല്ല. അപ്രകാരം അപേക്ഷ ലഭിച്ചാൽ നിരസിക്കുന്നതാണ് . വിജ്ഞാപനത്തിലെ മറ്റ് വ്യവസ്ഥകൾക്ക് മാറ്റമില്ല.

അപേക്ഷകൾ സ്വീകരിക്കുന്ന അവസാന തീയതി : 28/04/2023

(കമ്മീഷന്റെ ഉത്തരവിൻ പ്രകാരം)

**സാജു ജോർജ്ജ്**
*സെക്രട്ടറി*
*കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ*

# KERALA PUBLIC SERVICE COMMISSION

ERRATUM NOTIFICATION

No. GR8-2/50008/2018-KPSC Dated, Thiruvananthapuram, 21st February 2023

Applications were invited from eligible & Qualified candidates for the post of Artist in Information and Public Relations Department in the Extra ordinary Gazette notification dated 30.04.2021 as Category No. 132 / 2021. It is hereby notified that the Note (1) & (2) in Para 4 of the Notification for this post is modified as the follows.

"4% of the total vacancies reported shall be reserved for eligible and qualified Differently Abled candidates with disabilities vide G.O.(P)No.19/2020/SJD dated 25/08/2020".

The candidates eligible for the DA Resevation in Fourth category [(d) & (e) in G .O] , as per the above mentioned Government Order with benchmark disability, can apply now for this post and are required to produce Disability Certificate and Physical and Functionality Certificate as stipulated in the above said Government Order as and when called for by the Commission. Candidates with disabilites identified additionally as per the above mentioned G.O are only eligible to apply as per this notification . The candidates belongs to other categories of DA which were eligible to apply in response to the original notification 132/2021, shall not apply now and such applications if any will be rejected . The aforesaid notification stands modified to the above extent and other conditions of the notification remain unchanged.

Last date for receipt of applications :- 28/04/2023

(By Order of the Commission)

**SAJU GEORGE**
*SECRETARY*
*KERALA PUBLIC SERVICE COMMISSION*